# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.292 13.03.2018 ൽ മറുപടിയ്ക്ക്

### അമിതവേഗം നിയന്ത്രിക്കുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.ഉബൈദുള്ള | | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പുമന്ത്രി) |
| (എ) | വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി, അപകടം കൂടിയ സ്ഥലങ്ങൾ 24 x 7 മണിക്കൂറും നിരീക്ഷിച്ച് അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നുണ്ട്. നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറാ നിരീഷണ സംവിധാനം ഏർപ്പെടുത്തി. സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചുവരുന്നു. വാളയാർ-വടക്കഞ്ചേരി നാഷണൽ ഹൈവേയിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിത വേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവ്വീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിച്ച് നിയമ ലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും തദ്വാര അപകടങ്ങളും അതു മൂലമുള്ള മരണങ്ങളും കുറയ്ക്കുന്നതിനും സാധിക്കും. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കുന്നുണ്ട്. ബഹു: സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മറ്റിയുടെ നിർദ്ദേശാനുസരണം അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിങ്ങിനിടയിൽ |

| | | | |
|---|---|---|---|
| | | | മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾ നടത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികളും കർശനമായി നടപ്പാക്കുന്നുണ്ട്. |
| (ബി) | ഇതിനായി പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | **'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം'** എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി പുതിയതായി ലൈസൻസ് എടുക്കുന്നവർക്ക് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ്, ഡ്രൈവിംഗ് സ്കൂൾ ഇൻ സ്ട്രക്ടർ മാർക്ക് പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരിശീലനം, ട്രാൻ സ്പോർട്ട് നോൺ ട്രാൻ സ്പോർട്ട് ഡ്രൈവർ മാർക്ക് ഡ്രൈവിംഗിലും ട്രാഫിക് അവബോധം വളർത്തുന്നതിനുദ്ദേശിച്ചുള്ള പരിശീലനം എന്നിവയും ടിപ്പർ ലോറി, സ്കൂൾ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർ മാർക്ക് അവബോധന/പരിശീലന ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ